# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1480 | 03.12.2018-ൽ മറുപടിയ്ക്ക്

### കേരള ഭൂനികുതി നിയമ ഭേദഗതി

ചോദ്യം :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

മറുപടി :

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

(എ) സർവ്വെ നടത്തിയിട്ടില്ലാത്ത ഭൂമിക്ക് കരം സ്വീകരിക്കുവാൻ നേരിടുന്ന തടസ്സം ഒഴിവാക്കുവാൻ 1961-ലെ കേരള ഭൂനികുതി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

(എ) യും (ബി) യും

ഉണ്ട്. 1961- ലെ കേരള ഭൂനികുതി ആക്ടിലെ 7-ാം വകുപ്പിലെ 6-ാം ഉപവകുപ്പ് പ്രകാരം, സർവ്വേ ചെയ്യിട്ടില്ലാത്ത ഭൂമിക്ക് കരം സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടെങ്കിലും ഇക്കാര്യത്തിനായിട്ടുള്ള സമയപരിധി 31.12.1975 വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പല വില്ലേജുകളിലും സർവ്വേ ഇതുവരെയായിട്ടും പൂർത്തിയായിട്ടില്ലാത്ത തിനാൽ സർവ്വേ ചെയ്യിട്ടില്ലാത്ത സ്ഥലങ്ങളിലെ ഭൂനികുതി സ്വീകരിക്കുന്ന കാര്യത്തിൽ വില്ലേജ് ഓഫീസർമാർ നിയമപരമായ പരിമിതികൾ നേരിടുന്നുണ്ട്. മേൽപ്പറഞ്ഞ പ്രശ്നം പരിഹരിക്കുന്നതിനായി, 1961- ലെ കേരള ഭൂനികുതി ആക്ടിലെ 7-ാം വകുപ്പിലെ 6-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന '1975 ഡിസംബർ 31-ന മുമ്പായി' എന്ന വാക്കുകൾ വിട്ടു കളയുവാൻ തീരുമാനിക്കുകയുണ്ടായി. ആയതിനുള്ള 2018-ലെ കേരള ഭൂനികുതി ( ഭേദഗതി) കരട് ബില്ല് മന്ത്രിസഭായോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഫയൽ നിയമ വകുപ്പിന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ